# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3361   09.04.2013- ൽ മറുപടിക്ക്**

**വരൾച്ചാ ദുരിതാശ്വാസം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) | വരൾച്ച നേരിടാൻ എത്ര തുക ഏതെല്ലാം വകുപ്പിന് അനുവദിച്ചു; | (എ) | സംസ്ഥാനത്തെ വരൾച്ച വിലയിരുത്തുന്നതിനും വരൾച്ച/കുടിവെള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുമായി 2013 ജനുവരി 23 ന് ചേർന്ന പ്രത്യേക ക്യാബിനറ്റ് യോഗം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും 85 കോടി രൂപ എല്ലാ ജില്ലകൾക്കുമായി അനുവദിച്ചിരുന്നു. അതോടൊപ്പം സംസ്ഥാന ഖജനാവിൽ നിന്നും ജലസേചന വകുപ്പിന് 22 കോടി രൂപയും ഭൂജല വകുപ്പിന് 13 കോടി രൂപയും കേരള വാട്ടർ അതോറിറ്റിക്ക് 57 കോടി രൂപയും അനുവദിച്ചു. കൂടാതെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കുടിവെള്ള വിതരണ പ്രവർത്തനം തനത് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കാനുള്ള അനുവാദവും നൽകി.<br>2013 ഏപ്രിലിൽ എസ്.ഡി.ആർ.എഫ്-ൽ നിന്നും വീണ്ടും 30 കോടി രൂപ ജില്ലകൾക്കായി അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | വരൾച്ച നേരിടുവാൻ ദീർഘകാല പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടു ണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | വരൾച്ച നേരിടുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ 28.12.2012-ലെ 77507/കെ3/2012/ഡി.എം.ഡി നമ്പർ സർക്കുലർ പ്രകാരം എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് മേധാവി കൾക്കും നൽകിയിട്ടുണ്ട്. ഇതനുസരിച്ച് ഓരോ ജില്ലകളുടെയും പ്രത്യേകതകൾക്ക നുസൃതമായി വരൾച്ച നേരിടുന്നതിനുള്ള നടപടികൾ ജില്ലാ ഭരണകൂടങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്. ഈ പ്രവർ ത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ ജില്ലയുടെയും ചുമതല ഓരോ മന്ത്രിമാരെ ഏൽപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ